**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ,<br>ശ്രീ . എം. നൗഷാദ് ,<br>ശ്രീ വി. കെ. സി. മമ്മത് കോയ,<br>ശ്രീ. ആർ.രാജേഷ് | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കാനും ആസൂത്രണത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും നയപരവും ഭരണപരവുമായ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ തന്നെ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്ക്കരിക്കുകയും കാലേകൂട്ടി തന്നെ ഗ്രാമ ഭരണ സ്ഥാപനങ്ങൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭ്യമാക്കൽ, വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കൽ, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിക്കൊണ്ട് നടപടിക്രമങ്ങൾ പലതും അഭികാമ്യം, അനിവാര്യം എന്നിങ്ങനെ തിരിക്കൽ, നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം വീണ്ടെടുക്കാനായി തദ്ദേശ ഭരണ സ്ഥാപനതല ആസൂത്രണസമിതികൾ രൂപീകരിക്കൽ, കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസർമാരേയും നൽകൽ, നൂതന പ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖ, ജില്ലാ പദ്ധതികൾ തയ്യാറാക്കൽ, പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കൽ എന്നിവയെല്ലാം ജനകീയാസൂത്രണ രംഗത്ത് ഈ സർക്കാർ കൈക്കൊണ്ട നടപടികളാണ്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയിലടക്കം ഉത്പാദന മേഖലയിൽ ഒഴിവാക്കിയ നിർബന്ധിത വകയിരുത്തൽ തിരികെ കൊണ്ട് വന്നു. സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് വകുപ്പുകളുടെ നിരക്കുമായി യോജിപ്പിച്ചു. പ്രായോഗികതയിൽ ഊന്നി ഗുണഭോക്താക്കളുടെ വരുമാന പരിധി വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ട് എത്ര കോടി രൂപ ആയിരുന്നു; ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്തെ (2011-12 to 2015-16) വികസന ഫണ്ടായി 18349.02 കോടിയും ഈ സർക്കാരിന്റെ കാലത്തെ (2016-17 to 2020-21) വികസന ഫണ്ടായി 33572.33 കോടിയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുന്നതിനും വിവിധ മേഖലകളിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി പദ്ധതി തുക ചെലവഴിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വികസന പദ്ധതികൾ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭിക്കുന്ന സമ്പ്രദായത്തിലേക്ക് സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾ 2018-19 മുതൽ തന്നെ മാറിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനവും നഗരസഭകൾ 10 ശതമാനവും കുറഞ്ഞത് ഉല്പാദനമേഖലയ്ക്ക് വകയിരുത്തണം എന്ന നിബന്ധന പതിമൂന്നാം പദ്ധതിയിൽ പ്രാവർത്തികമാക്കി. |

സെക്ഷൻ ഓഫീസർ